LIBRARY ARCHIVES Kerala Legislative Assembly

ചാവക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയുടെ ഒ.പി. നവീകരണവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എം. മുഖേന 1.22 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2017-2018 സാമ്പത്തിക വർഷത്തിൽ അനുമതിയായിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) എൻ.എച്ച്.എം. മുഖേന ഗുരുവായൂർ മണ്ഡലത്തിലെ വിവിധ ആശുപത്രികൾ, സബ്സെന്ററുകൾ എന്നിവിടങ്ങളിൽ നടത്തുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ പുന്നയൂർ, ഏങ്ങണ്ടിയൂർ, പൂക്കോട്, തൈക്കാട്, അണ്ടത്തോട്, ഒരുമനയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ നഗര കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി പ്രകാരം ഗുരുവായൂർ എഫ്.എച്ച്.സി.-യുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ചേറ്റുവ, ഒരുമനയൂർ, നെന്മിനി, കടിക്കാട്, പൂക്കോട്, എടക്കഴിയൂർ എന്നീ സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) ചാവക്കാട് താലൂക്കാശുപത്രിയുടെ മാസ്റ്റർ പ്ലാൻ പ്രകാരം ഏതെങ്കിലും പദ്ധതികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇക്കാര്യത്തിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്.

കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഡയാലിസിസ് സൗകര്യം

162 (162) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വൃക്ക സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഡയാലിസിസ് സൗകര്യം കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ 7 ഡയാലിസിസ് മെഷീനുകളോടുകൂടി ഒരു ഡയാലിസിസ് യൂണിറ്റാണ് പ്രവർത്തിക്കുന്നത്. ആയതിൽ ഒരു ഡയാലിസിസ് മെഷീൻ സ്റ്റാൻഡ് ബൈ ആണ്. ടി യൂണിറ്റിൽ ഒരു ദിവസം മൂന്ന് ഷിഫ്റ്റായി 18 ഡയാലിസിസ് നടത്തുന്നുണ്ട്. ആയതിൻ പ്രകാരം ടി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു ഹെഡ് നഴ്സ്, മൂന്ന് സ്റ്റാഫ് നഴ്സ്, 6 ഡയാലിസിസ് ടെക്നീഷ്യന്മാർ എന്നിവരുടെ സേവനം

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നുണ്ട്. ഡയാലിസിസ് സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനം

163 (163) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നബാർഡ് - റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടനിർമ്മാണത്തിന് ഫണ്ട് നബാർഡ് റൂറൽ - ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

പാനൂർ താലൂക്കാശുപത്രി

164 (164) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ താലൂക്കാശുപത്രിയിലെ സ്ഥല പരിമിതി കാരണം രോഗികളും ജീവനക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ.?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാനൂർ താലൂക്കാശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതി പ്രകാരം കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 24-12-2020 ലെ ജി.ഒ (ആർ.ടി) നം. 2387/2020/ആ.കു.വ. എന്ന ഉത്തരവുപ്രകാരം 93,20,49,289 രൂപയ്ക്ക് ഭരണാനുമതി നൽകുകയും WAPCOS എന്ന ഏജൻസിയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കായി കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്ക്, പാനൂർ വില്ലേജ് റീസർവ്വേ നമ്പർ 128/1,128/2 എ, 128/2 ബി-ൽപ്പെട്ട 78.70 ആർസ് ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 2-3-2020-ലെ സ.ഉ(സാ.ധാ) നം.469/2020 ആ.കു.വ. എന്ന ഉത്തരവുപ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതുപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന്